വാഗമൺ വില്ലേജിൽ വനം വകുപ്പിനുള്ള ഭൂമി

117 [400] ശ്രീ. എൻ. ശക്തൻ :

,, സി. പി. മുഹമ്മദ് :

പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമൺ വില്ലേജിൽ വനം വകുപ്പിന് എത്ര ഭൂമിയുണ്ട്;

(ബി) ഈ ഭൂമിയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) വനപ്രദേശം വനേതര കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന സംഗതിയിൽ പകരം വനം വച്ചുപിടിപ്പിക്കുവാൻ വാഗമൺ പ്രദേശത്തുള്ള വനഭൂമി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ പകരം വനം വച്ചുപിടിപ്പിക്കുവാൻ വാഗമൺ പ്രദേശത്ത് ഇപ്പോൾ എത്ര ഹെക്ടർ വനഭൂമി നീക്കിവെച്ചിട്ടുണ്ട്;

(ഇ) വാഗമൺ പ്രദേശത്തുള്ള വനം വകുപ്പിന്റെ ഭൂമിയിൽ കയ്യേറ്റം ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) 460 ഹെക്ടർ ഭൂമിയുണ്ട്.

(ബി) ഈ ഭൂമിയുടെ സംരക്ഷണ ചുമതല എരുമേലി റെയിഞ്ചിനു കീഴിലുള്ള വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷനിൽ നിക്ഷിപ്തമാണ്. വാഗമൺ മേഖലയുടെ സംരക്ഷണത്തിനു മാത്രമായി ടി സ്റ്റേഷനു കീഴിൽ വഴിക്കടവ് ആസ്ഥാനമാക്കി ഒരു ഫോറസ്റ്ററും 3 ഫോറസ്റ്റ് ഗാർഡുമാരും ജോലി ചെയ്തുവരുന്നു. വഴിക്കടവിൽ ഒരു ഫോറസ്റ്റ് ചെക്ക് പോസ്റ്റും നിലവിൽ ഉണ്ട്.

(സി) വനം വകുപ്പിന്റെ കൈവശമുള്ള 460 ഹെക്ടറിൽ 440 ഹെക്ടറും പരിഹാര വനവൽക്കരണം നടത്തിയ പ്രദേശമാണ്. ബാക്കി 20 ഹെക്ടർ സ്ഥലം പൈൻ തോട്ടമാണ്. ഇവിടെ വീണ്ടും പരിഹാര വനവൽക്കരണം നടത്തുവാൻ സാധിക്കുകയില്ല.

(ഡി) ഉത്തരം 'സി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) വനം വകുപ്പിന്റെ ഭൂമിയിൽ കൈയ്യേറ്റങ്ങൾ നിലവിലില്ല. ചെറുകയ്യേറ്റങ്ങൾ ഉണ്ടായിട്ടുള്ളവ അപ്പപ്പോൾ തന്നെ ഒഴിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly